പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3863** **12.12.2018-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി ആരംഭിച്ച കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ 18.22 കിലോമീറ്റർ 16 സ്റ്റേഷനുകൾ ഉൾപ്പടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം നടത്തി വരുന്നു. ഒരു ദിവസത്തെ യാത്രക്കാരുടെ ശരാശരി എണ്ണം 35000-ഉം വരുമാനം 11.5 ലക്ഷം രൂപയുമാണ്. കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിന്റെ ബാക്കി ഭാഗത്തിന്റെ (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) നിർമ്മാണം 2019 ഡിസംബറിൽ പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ലാഭകരമാണോ അല്ലയോ; വിശദാംശം ലഭ്യമാക്കുമോ; ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി ലാഭകരമല്ല.<br><br>2017-18 സാമ്പത്തിക വർഷത്തിലെ പ്രവർത്തന നഷ്ടം 67.58 കോടി രൂപയാണ് (തേയ്മാന ചെലവ് കൂടാതെ). ഇതിൽ 43.54 കോടി രൂപ പലിശയാണ്. നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ തുടങ്ങി നവംബർ വരെ 43.32 കോടി രൂപയാണ് പ്രവർത്തന നഷ്ടം (തേയ്മാന ചെലവ് കൂടാതെ). ഇതിൽ 37.29 കോടി രൂപ പലിശയാണ്. പേട്ട വരെയുള്ള മെട്രോയുടെ പ്രവർത്തനം ദീർഘിപ്പിക്കുന്ന മുറയ്ക്ക് പ്രവർത്തന നഷ്ടം ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>ടിക്കറ്റേതര വരുമാനങ്ങളിലൂടെ മെട്രോയെ ലാഭകരമാക്കുകയെന്ന ഉദ്ദേശ്യത്തോടു കൂടി പരസ്യങ്ങൾ മെട്രോ തൂണുകളിലും, സ്റ്റേഷനുകളിലും, ട്രെയിനുകളിലും, ടിക്കറ്റുകളിലും, സ്റ്റേഷനുകളുടെ സെമി നെയ്മിങ്ങിനുള്ള അവകാശം, സ്റ്റേഷനുകളിൽ ചെറിയ കച്ചവട സ്ഥാപനങ്ങൾക്ക് സ്ഥലം നൽകുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വരുമാനം കണ്ടെത്താനാണ് ശ്രമിച്ചു വരുന്നത്. എ.ടി.എം.-കൾക്ക് സ്ഥലം നൽകുക, സ്റ്റേഷനുകളിലെ പ്രോപ്പർട്ടി ഡെവലപ്പ്മെന്റ് (ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ) സ്റ്റേഷനുകളേയും സമീപത്തുള്ള വ്യാപാര സമുച്ചയങ്ങളേയും ബന്ധിപ്പിക്കുന്ന പാത എന്നിവയാണ് കൊച്ചി മെട്രോ ലാഭകരമാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മെട്രോ പദ്ധതിയ്ക്ക് ഇരുവശവുമായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ തുടങ്ങി എന്നും പ്രസ്തുത പദ്ധതി നടത്തിപ്പിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കുമോ? | (സി) | ആലുവ മുതൽ മഹാരാജാസ് കോളേജ് വരെയുള്ള മെട്രോ സ്റ്റേഷനുകളെ ബന്ധിപ്പിച്ച് കാൽനട യാത്രക്കാർക്ക് സുഗമമായി മെട്രോ സ്റ്റേഷനുകളിൽ എത്തുന്നതിന് വേണ്ടി സ്റ്റേഷനുകളുടെ അടുത്തുള്ള ബസ് കാത്തിരിപ്പ കേന്ദ്രങ്ങളേയും കോർത്തിണക്കിക്കൊണ്ട് നടപ്പാത നിർമ്മാണങ്ങൾ നടന്നു വരുന്നു. ഇത് കൂടാതെ, ആലുവ, ഇടപ്പള്ളി തുടങ്ങിയ ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് വേണ്ടി സമഗ്രമായ വികസനങ്ങൾ നടത്തി വരുന്നു. പ്രസ്തുത പദ്ധതി നിർമ്മാണങ്ങൾക്കായി ഏകദേശം 24 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ